# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1029** 10.08.2017-ൽ മറുപടിക്ക്

## തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) തലശ്ശേരി-മാഹി ബൈപ്പാസിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ബൈപ്പാസിനായി കോഴിക്കോട് ജില്ലയിലെ അഴിയൂർ വില്ലേജിലെ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി നടന്നുവരുന്നു. പുതുശ്ശേരി സംസ്ഥാനത്തിൽപ്പെട്ട മാഹിയിലെ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു. |
| (ബി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കി ബൈപ്പാസിന് ആവശ്യമായ സ്ഥലം ദേശീയപാത അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം സർക്കാർ, ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി ഐ.എ.എസ്. കേഡറിലുള്ള ഒരു സ്പെഷ്യൽ ഓഫീസറെ പുതുതായി നിയമിച്ചിട്ടുമുണ്ട്. |
| (സി) ഭൂവുടമകൾക്ക് ആർബിട്രേഷൻ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുക നൽകാത്തതിന് കാരണം എന്താണ് എന്നറിയിക്കാമോ; | (സി) തലശ്ശേരി - മാഹി ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുപ്പും നിർമ്മാണവും ദേശീയപാതാ അതോറിറ്റി ഓഫ് ഇൻഡ്യ മുഖേനയാണ് നടപ്പിലാക്കുന്നത്. ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള ബന്ധപ്പെട്ട CALA (Competitive Authority for Land Acquision) വഴിയാണ്. മാഹി പ്രദേശത്തെ CALA നിശ്ചയിച്ച അവാർഡിനെതിരായി ദേശീയപാതാ അതോറിറ്റി ഓഫ് ഇൻഡ്യ പുതുശ്ശേരി ജില്ലാ കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി ഉത്തരവ് അനുസരിച്ചേ ഭൂ |

ഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയുകയുള്ളൂ. മറ്റ് വില്ലേജുകളിലെ നഷ്ടപരിഹാരം കൊടുക്കുവാനുള്ള നടപടി CALA വഴി പുരോഗമിച്ചു വരുന്നു.

| | |
|---|---|
| (ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോഎന്ന് വെളിപ്പെടുത്താമോ? | (ഡി) ഇല്ല. |

S. Bindu.

സെക്ഷൻ ഓഫീസർ